പുതിയ റേഷൻ കാർഡുകൾ

185(4816) ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം എത്ര പുതിയ റേഷൻ കാർഡുകൾ അനുവദിച്ചുവെന്ന് ജില്ലതിരിച്ചു വ്യക്തമാക്കുമോ;

(ബി) ഇതിൽ എത്ര കാർഡുകൾ ബി.പി.എൽ. വിഭാഗത്തിൽപ്പെടുന്നതാണെന്ന് അറിയിക്കുമോ;

(സി) ക്യാൻസർ പോലുള്ള മാരകരോഗങ്ങൾക്കടിമപ്പെടുന്ന രോഗികളുടെ എത്ര കുടുംബങ്ങൾക്ക് എ.പി.എൽ. കാർഡ് ബി.പി.എൽ. ആക്കി നൽകിയിട്ടുണ്ടെന്ന് അറിയിക്കുമോ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം 1112822 പുതിയ കാർഡുകൾ അനുവദിച്ചിട്ടുണ്ട്.

തിരുവനന്തപുരം	1,13,836
കൊല്ലം	99,242
പത്തനംതിട്ട	22,937
ആലപ്പുഴ	51,357
കോട്ടയം	38,034
ഇടുക്കി	30,434
എറണാകുളം	95,053
തൃശ്ശൂർ	2,22,499
പാലക്കാട്	99,039

LIBRARY ARCHIVES Kerala Legislative Assembly

മലപ്പുറം	1,14,355
കോഴിക്കോട്	76,140
വയനാട്	19,224
കണ്ണൂർ	83,972
കാസർഗോഡ്	46,700
ആകെ	11,12,822

(ബി) 115822 കാർഡുകൾ ബി.പി.എൽ. വിഭാഗത്തിൽപ്പെടുന്നതാണ്.

(സി) 49116 കാർഡുകൾ.

പുതിയ റേഷൻകടകൾ

186(4817) ശ്രീ. സണ്ണി ജോസഫ് :
ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ :
ശ്രീ. ടി. എൻ. പ്രതാപൻ :
ശ്രീ.ബെന്നി ബെഹനാൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പുതിയ റേഷൻകടകൾ തുടങ്ങുന്നതിന് തീരുമാനിച്ചിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ;

(ബി) എന്തെല്ലാം കേന്ദ്രസഹായങ്ങളാണ് ഇതിനായി ലഭിക്കുന്നതെന്ന് വിശദമാക്കുമോ;

(സി) പദ്ധതി നടപ്പാക്കുന്നതിൽ എത്രമാത്രം പുരോഗതി കൈവരിച്ചിട്ടുണ്ടെന്ന് അറിയിക്കുമോ?

ഉത്തരം

(എ) നിലവിൽ സംസ്ഥാനത്തുടനീളമായി 14305 റേഷൻ കടകളാണുള്ളത്. ഉപഭോക്താക്കളുടെ സൗകര്യം കണക്കിലെടുത്ത്, നിലവിലെ കടകളുടെ നിലനിൽപ്പിനെ ബാധിക്കാത്ത രീതിയിൽ ആവശ്യമാണെങ്കിൽ ജില്ലാ കളക്ടറുടെ ശിപാർശയിന്മേൽ പുതിയ കടകൾ അനുവദിച്ചു വരുന്ന രീതിയാണ് നിലവിലുള്ളത്.

LIBRARY ARCHIVES Kerala Legislative Assembly